KOLLAM CITY POLICE
https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 06/11/ 2020

# യുവാവിനെ ഗുരുതരമായി പരിക്കേൽപ്പിച്ച ശേഷം ഒളിവിലായിരുന്ന പ്രതി ഒരു വർഷത്തിന് ശേഷം അറസ്റ്റിൽ

കൊല്ലം : കൊട്ടിയം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവന്ന കേസിലെ പ്രതികളെ കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി അറസ്റ്റ് ചെയ്തു. കഴിഞ്ഞ ഒരു വർഷമായിഒളിവിലായിരുന്ന പ്രതികളെ ജില്ലാ പോലീസ് മേധാവിയുടെ നിർദേശപ്രകാരം പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കുകയും ചാത്തന്നൂർ എ സി പിയുടെ മേൽ നോട്ടത്തിൽ , കൊട്ടിയം എസ് ഐ സുജീത്ജി നായരുംസംഘവും ആണ് പ്രതികളെ അറസ്റ്റ് ചെയ്തത്. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതികൾ വിവിധ സ്ഥലങ്ങളിലായി ഒളിവിൽ കഴിഞ്ഞു വരികയായിരുന്നു. കൊട്ടിയം സ്റ്റേഷനിൽ നിലവിൽ കേസ് രജിസ്റ്റർ ചെയ്ത്അന്വേഷണം നടത്തിവരുന്ന കേസുകളിലെ പ്രതികളെ പിടികൂടുന്നതിലേക്കായി ജില്ലാ പോലീസ് മേധാവിയുടെ നിർദേശ പ്രകാരം പ്രത്യേക സ്ക്വാഡ് രൂപീകരിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ തെരച്ചിലിലാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. കരീപ്ര, പ്ലാക്കോട് സനോജ് മന്ദിരത്തിൽ ചന്ദ്രൻ മകൻ മുഖത്തല രമ്യ ഭവനിൽ മാധവൻ മകൻ ചെല്ലി എന്ന് വിളിക്കുന്ന സുരേഷ് (40) എന്നിവരാണ് അറസ്റ്റിലായത് . മുഖത്തല പാങ്കോണം എന്ന സ്ഥലത്ത്2019ജൂൺ മാസത്തിൽ അപ്പു എന്ന യുവാവിനെ വീട്ടിൽ അതിക്രമിച്ചു കയറി വാളു വീശി ഭീകരാന്തരീക്ഷം സൃഷ്ടിച്ചും അടിച്ച് മാരകമായി പരിക്കേൽപ്പിച്ചതിനും ശേഷം പ്രതികൾ ഒളിവിൽ പോകുകയായിരുന്നു.സംഭവത്തിന് കൊട്ടിയം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയായിരുന്നു.


ബിനു (32)


സുരേഷ് @ ചെല്ലി (40)

ജില്ലാ പോലീസ് മേധാവിയുടെ നിർദേശാനുസരണം ചാത്തന്നൂർ എ സി പി ശ്രീ ഷൈനു തോമസിൻറെ മേൽനോട്ടത്തിൽ കൊട്ടിയം സ്റ്റേഷൻ ചാർജ് വഹിക്കുന്ന കണ്ണനല്ലൂർ പോലീസ് സ്റ്റേഷൻ എസ് എച്ച് ഒ, യു പി വിപിൻ കുമാറിൻറെനേതൃത്വത്തിൽ കൊട്ടിയം എസ് ഐമാരായസുജീത്ജി നായർ,രമേശ്, പ്രവീൺ, ഷഹാലുദീൻ, എസ് സി പി ഒ ദിലീപ് വിആർ, സി പി ഒ മാരായ സുഭാഷ്, അനീഷ്, അൻവർഎന്നവർ അടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രതിയെ കൊല്ലം ജെ എഫ് എം സി 2 കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.